# കാലിക്കറ്റ് സർവകലാശാല
## ആഭ്യന്തര ഓഡിറ്റ് വിഭാഗം

3521/FIN-INT.AUDIT-1/2019/Fin 25.02.2019

**കാലിക്കറ്റ് സർവകലാശാല ആഭ്യന്തര ഓഡിറ്റ് വിഭാഗം CCSIT വടകര പഠനകേന്ദ്രത്തിൽ 2018 ഒക്ടോബർ 22 ,23 തിയ്യതികളിൽ സന്ദർശിച്ച് തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ട്.**

ഓഡിറ്റർ 1 . മനോജ് കുമാർ. ടി

2 . സത്യനേശൻ. സി

ഓഡിറ്റ് ഓഫീസർ. ശ്രീമതി. രജനീദേവി. പി കെ

ഓഡിറ്റ് തിയ്യതി. 22.11.2018, 23.11.2018

ഓഫീസ് : CCSIT പുതുപ്പണം വടകര.

ഭരണനിർവഹണ ഉദ്യോഗസ്ഥ: ശ്രീമതി. സ്മിത

അസോസിയേറ്റ് കോ ഓർഡിനേറ്റർ: ശ്രീമതി. സ്വപ്ന ജി.നായർ

*വിവര സാങ്കേതിക വിദ്യയിൽ നിലവാരമുള്ള പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കാലിക്കറ്റ് സർവകലാശാലയിൽ 1996 ൽ CCSIT സ്ഥാപിതമായി. സർവകലാശാലയുടെ അധികാര പരിധിയിലുള്ള അഞ്ചു ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന വിവിധ സെന്ററുകളിൽ MSc കംപ്യൂട്ടർസയൻസ്, MCA, എന്നിവ കൂടാതെ ബിരുദ തലത്തിൽ BSc Information Technology യും സ്വാശ്രയ അടിസ്ഥാനത്തിൽ DSFC യുടെ നിയന്ത്രണത്തിൽ നടത്തിവരുന്നു. ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനകളിൽ മറ്റു ജില്ലകളിലെ പല പഠനകേന്ദ്രങ്ങളും ലാഭകരമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിലെ വടകരയിൽ സർവകലാശാലയുടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന CCSIT, നിലവിൽ ലാഭകരമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണെന്നു കാണുന്നു.*

**സ്ഥാപനത്തിൽ സൂക്ഷിക്കുന്ന രെജിസ്റ്ററുകളും രേഖകളും ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു.**

**1) ക്യാഷ് ബുക്ക്**

സ്ഥാപനത്തിലെ ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചു.

ബാങ്ക് അക്കൗണ്ട് നമ്പർ 57034524161 SBI വടകര.

25. 08. 2018 ന ക്യാഷ് ബുക്ക് നീക്കിയിരിപ്പ് തുക ബാങ്ക് അക്കൗണ്ടുമായി ഐക്യപ്പെടുത്തി വ്യത്യാസമുള്ള തുകയുടെ വിശദ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതകളില്ല.

(a)നിത്യവും ഇടപാടുകൾ ഇല്ലാത്തതിനാൽ മാസികമായി അക്കൗണ്ട് വരവ് ചെലവുകൾ തിട്ടപ്പെടുത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ആയത് സ്ഥാപന മേധാവിയെ കൊണ്ടു സാക്ഷ്യപ്പെടുത്തി ഒപ്പുവെക്കേണ്ടതാണ്.

(b)ചലാൻ വഴി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് വിദ്യാർഥികൾ നേരിട്ട് അടവാക്കിയിട്ടുള്ള ഫീസ്, ഫൈൻ, മുതലായവ വരവിനത്തിലും ചെലവിനത്തിലുമായി രേഖപ്പെടുത്തി ക്യാഷ് ബുക്ക് സൂക്ഷിച്ചാൽ സ്ഥാപനത്തിലെ എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ് ബുക്കിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്.

**2) PTA രജിസ്റ്റർ.**

വടകര കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് അക്കൗണ്ട് നം .102080005398, (PTA ജോയിന്റ് a/c ), PTA രജിസ്റ്റർ എന്നിവ പരിശോധിച്ചു. 31 .10 .2018 തിയ്യതിക്ക് 72591 / - രൂപ നീക്കിയിരിപ്പുണ്ട്. അപാകതകളില്ല

**3) ഇ ഗ്രാന്റ്സ് രജിസ്റ്റർ**

ഇ ഗ്രാന്റ്സ് രജിസ്റ്റർ, A/c No.30854774752 SBI N.H Vatakara Branch, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചു.ഇ ഗ്രാന്റ്സ് വിതരണം ചെയ്ത കണക്കുകൾ DCB സ്റ്റേറ്റ്മെന്റിൽ പ്രത്യേകമായിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകളില്ല.

**4) കോഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ** പരിശോധിച്ചു. അപാകതകളില്ല.

(a)ഡെപ്പോസിറ്റ് സ്വീകരിക്കുന്നതും നിയമാനുസൃതം മടക്കിനൽകുന്നതുമായ കാര്യങ്ങൾ ഒരു രെജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്ന വിധത്തിൽ മാറ്റാവുന്നതാണ്.
(b)കാലാവധി കഴിഞ്ഞും മടക്കി വാങ്ങാത്ത തുക നിയമാനുസൃതം സർവകലാശാല ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

**5) ചെക്ക് രജിസ്റ്റർ** പരിശോധിച്ചു. അപാകതകളില്ല.

ഒരു രെജിസ്റ്ററിൽ തന്നെയാണ് കോഷൻ ഡെപ്പോസിറ്റ് മടക്ക്കിനൽകുന്നതുൾപ്പെടെ ചെക്ക് വഴിയുള്ള എല്ലാ ഇടപാടുകളും രേഖപ്പെടുത്തിവരുന്നത്. കണക്കു സൂക്ഷിപ്പ് സുഗമമാക്കുന്നതിന് വേണ്ടി ചെക്ക് നൽകുന്നതിനും സ്വീകരിക്കുന്നതിനുമായി രണ്ടു രെജിസ്റ്ററുകൾ സൂക്ഷിക്കാവുന്നതാണ്.

**6) P A രജിസ്റ്റർ** പരിശോധിച്ചു.
20000/ - രൂപ അനുവദിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിൽ 2836 /- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. അപാകതകളില്ല.

**7) സ്റ്റോക്ക് രജിസ്റ്റർ.** പരിശോധിച്ചു.
ഒരു പമ്പ് സെറ്റ്, 5 കംപ്യൂട്ടറുകൾ എന്നിവ പുതിയതായി വാങ്ങി സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപാകതകളില്ല.

**8) ലൈബ്രറിയിലെ പുസ്തകങ്ങളുടെ രജിസ്റ്റർ** പരിശോധിച്ചു. 08.03.2018 തിയ്യതി പ്രകാരം 1612 പുസ്തകങ്ങളുണ്ട്. അപാകതകളില്ല.

**9) അഡ്മിഷൻ രജിസ്റ്റർ, 10) ഉത്തരക്കടലാസുകളുടെ അക്കൗണ്ട് സൂക്ഷിക്കുന്ന രജിസ്റ്റർ, 11) ഹാജർ പുസ്തകം** എന്നിവ പരിശോധിച്ചു.
അപാകതകളില്ല.

Circular IAW - 2609 / 2012 Dated 05 . 09 . 2018 പ്രകാരം ദൈനംദിനകാര്യങ്ങളുമായി ബന്ധപ്പെട്ട രെജിസ്റ്ററുകൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.
(a) സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇങ്കംബെന്റ് രജിസ്റ്റർ,ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.
(b) വിവിധ ഓഡിറ്റ് വിഭാഗങ്ങളുടെ ഔഡിറ്റ് പരാമർശങ്ങളും തടസ്സവാദങ്ങൾക്കുള്ള മറുപടിയും നിലവിലുള്ള അവസ്ഥയും ഉൾപ്പെടുന്ന ഓഡിറ്റ് രജിസ്റ്റർ യഥാകാലം ആവശ്യമായ രേഖപ്പെടുത്തലുകൾ സഹിതം, ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

**പൊതുവായ നിരീക്ഷണങ്ങളും നിർദേശങ്ങളും**

**1)** സ്ഥലപരിമിതിമൂലം ഏറെ പ്രയാസപെട്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാകുന്നു. BSc - IT കോഴ്സിന് എല്ലാവർഷവും വിദ്യാർഥികൾ പ്രവേശനം ആഗ്രഹിച്ചെത്തുന്നുണ്ടെങ്കിലും മൂന്നു വര്ഷത്തിലൊരിക്കൽ മാത്രമേ പ്രവേശനം നൽകുന്നുള്ളൂ.

**2)** DDFS സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നറിഞ്ഞു. ചീഫ് കോർഡിനേറ്ററിൽ നിന്നും ഇക്കാര്യത്തിൽ കൃത്യമായ നിർദ്ദേശങ്ങൾ എല്ലാ CCSIT പഠനകേന്ദ്രങ്ങൾക്കു നൽകപ്പെടേണ്ടതുണ്ട്. കമ്പ്യൂട്ടർ നെറ്റ് വർക്ക് കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കപ്പെടേണ്ടതുമുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20 കംപ്യൂട്ടറുകൾ ഉള്ളതിൽ 13 എണ്ണം പ്രവർത്തനക്ഷമമാണ്. 5 KV യുടെ രണ്ടു UPS അനുവദിച്ചുകിട്ടാനുള്ള സ്ഥാപനത്തിന്റെ ആവശ്യം താമസംവിനാ പരിഗണിക്കപ്പെടേണ്ടതാണെന്നു വിലയിരുത്തുന്നു.

**3)**സെമിനാറുകൾ സംഘടിപ്പിക്കാനുള്ള ഓഡിറ്റോറിയം ഇല്ല എന്നത് ഒരു പ്രധാന പരിമിതിയാണ്. വടകരയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സർവകലാശാലയുടെ എല്ലാ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ ഒരു ഓഡിറ്റോറിയം ക്രമീകരിച്ച് ആവശ്യക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്ന സംവിധാനം ആവിഷ്കരിക്കാവുന്നതാണ്.

**4)** ഈ സ്ഥാപനത്തിൽ വെള്ളം ഉപയോഗത്തിനുള്ള ചാർജ് ഒരു മാസം CCSIT അടുത്തമാസം BEd സെന്റർ എന്നനിലയിലാണ് ഒടുക്കിവരുന്നത്. കണക്കുകൾ പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ അടച്ചുവരുന്ന ബിൽ തുക അമിതമാണെന്നു അനുമാനിക്കുന്നു. ഇത് ബന്ധപ്പെട്ട വിഭാഗം പരിശോധിച്ച് സാങ്കേതിക തകരാറുകൾ ആണെങ്കിൽ

അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കേണ്ടതാണ്. ശുദ്ധജല ദൗർലഭ്യം നേരിടുന്ന പ്രദേശമായതിനാൽ സ്ഥാപനത്തിലെ അധികാരികളുടെ ശ്രദ്ധയിൽ പെടാതെ ജലം അപഹരിക്കപ്പെടുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്.

**5)** CCSIT വടകരയിൽ നടത്തുന്ന BSc IT കോഴ്സ് മൂന്നു വർഷത്തിൽ ഒരു ബാച്ച് എന്ന നിലയിലാണ് നടത്തി വരുന്നത്. ഇത് വാർഷികമായി നടത്തുകയാണെങ്കിൽ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ ലാഭകരമാക്കാവുന്നതാണ്. കൂടാതെ MCA സായാഹ്ന കോഴ്സ് നടത്താനുള്ള നിർദ്ദേശം അധികൃതരുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നറിയുന്നു. സ്ഥല പരിമിതി ഇത്തരം നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനു തടസ്സമാവുന്നു എന്നത് വാസ്തവമാണ്.

**6)** യൂണിവേഴ്സിറ്റി നേരിട്ടുനടത്തുന്ന സ്വാശ്രയ സ്ഥാപനം എന്ന നിലയിൽ ഇവിടെ നടത്തുന്ന കോഴ്സുകളിൽ, വിശിഷ്യാ ബിരുദതലത്തിലുള്ള കോഴ്സുകളിൽ തദ്ദേശവാസികളായ ധാരാളം വിദ്യാർഥികൾ ആകൃഷ്ടരാവുന്നുണ്ട്. എന്നാൽ മെച്ചപ്പെട്ട ക്യാമ്പസ് അന്തരീക്ഷം ലഭ്യമാക്കുന്നതിൽ സർവകലാശാല പഠന കേന്ദ്രങ്ങൾ പരാജയപ്പെടുന്നു. ഈ കാരണത്താൽ പ്രവേശനം നേടാൻ വിദ്യാർഥികൾ വൈമുഖ്യം കാണിക്കുന്നത് സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിക്കുന്നു.

**7)** കാലിക്കറ്റ് സർവകലാശാലയുടെ വടകരയിലെ സ്വന്തം (?) കെട്ടിടത്തിൽ ഇപ്പോൾ CCSIT, CUTEC എന്നീ പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. വടകര നഗരസഭ കാലിക്കറ്റ് സർവകലാശാലയ്ക്ക് വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ നൽകിയിട്ടുള്ളതും (GO. (SA)4797/2000/LAD dated 30.11.2000) പ്രസ്തുത ആവശ്യങ്ങൾക്കായി സർവകലാശാല കെട്ടിടം നിർമിച്ച് 18 വർഷത്തോളമായി പ്രവർത്തിച്ചു വരുന്ന 83 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റ നടപടികൾ അപൂർണമായി തുടരുകയാണ്.

**8)** വലിയ തുക വാടകനൽകി വടകരയിൽ തന്നെ പ്രവർത്തിക്കുന്ന മറ്റു രണ്ടു സ്ഥാപനങ്ങളുടെ പ്രവർത്തനവും ഈ കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ വികസന പ്രവർത്തനങ്ങൾക്കും പ്രസ്തുത ഭൂമി സംബന്ധിച്ച അനിശ്ചിതത്വം വിഘാതമായി നിൽക്കുന്നു. സർവകലാശാലയുടെ സ്വന്തം കെട്ടിടമാണെങ്കിലും വടകര മുനിസിപ്പാലിറ്റിയിലെ നടക്കുതാഴ അംശം പുതുപ്പണം ദേശം റീ സർവ്വേ നമ്പർ 55/1.2, ആയ 83 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വടകര മുൻസിപ്പാലിറ്റിയും സർവകലാശാലയും തമ്മിലുള്ള ഉടമ്പടിയിലുള്ള അപാകതകൾ ഉടൻ പരിഹരിക്കപ്പെടേണ്ടതാണ്.

Suresh K.K
Finance Officer